(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യാജമദ്യത്തിനെതിരെ ജില്ലാ ഭരണകൂടങ്ങൾ ഗവൺമെന്റിന് എത്ര റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്;

(ബി) ഇത്തരം റിപ്പോർട്ടുകൾ ലഭിക്കുമ്പോൾ അതിന്മേൽ എന്തെല്ലാം നടപടികളാണ് എടുക്കാറുള്ളത്;

(സി) കൊല്ലം ജില്ലയിൽ 2000 ഒക്ടോബർ മാസത്തിൽ കല്ലുവാതുക്കൽ, പള്ളിക്കൽ എന്നിവിടങ്ങളിലുണ്ടായ വ്യാജമദ്യദുരന്തത്തിന് ഉത്തരവാദികളായവരെപ്പറ്റി ജില്ലാഭരണകൂടം ഗവൺമെന്റിന് റിപ്പോർട്ടു നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് ലഭിക്കുമ്പോൾ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

60 (393) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അബ്കാരി കോൺട്രാക്ടർമാർക്ക് മദ്യവില്പനയ്ക്ക് കരാർ നൽകുമ്പോൾ അവർ നേരിട്ടോ അല്ലാതെയോ നൽകുന്ന മദ്യംമൂലം മരണമോ കെടുതിയോ സംഭവിക്കുന്നപക്ഷം മരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കും കെടുതിക്കിരയാകുന്നവർക്കും ഉയർന്ന തുകയ്ക്കുള്ള നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മദ്യദുരന്തം ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പും പോലീസ് വകുപ്പും ശക്തമായ റെയിഡുകൾ സംഘടിപ്പിക്കുകയും, വാഹനപരിശോധന ശക്തമാക്കുകയും അംഗീകൃത മദ്യഷാപ്പുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു.

(ബി) ഈ കാര്യം വിശദമായി പരിശോധിക്കേണ്ട കാര്യമാണ്.

വിഷമദ്യത്തെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

61 (394) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.12.2000 വരെ എക്സൈസ് വകുപ്പ് എത്ര

LIBRARY ARCHIVES Kerala Legislative Assembly